**മഹാത്മാ ഗാന്ധി സർവ്വകലാശാല**
**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560
ഫോൺ:0481-2733512

# വാർത്താക്കുറിപ്പ്

**2023 ഓഗസ്റ്റ് 21**

---

## യോഗയിൽ പി.ജി ഡിപ്ലോമ

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സെന്റർ ഫോർ യോഗ ആന്റ് നാച്ചുറോപ്പതി നടത്തുന്ന യോഗ പി.ജി ഡിപ്ലോമ കോഴ്സിന് അപേക്ഷ ക്ഷണിച്ചു. രണ്ടാ സെമസ്റ്ററുകളിലായി സി.എസ്.എസ് റഗുലേഷൻ പ്രകാരം ഹൈബ്രിഡ് മോഡിലാണ് കോഴ്സ്.

ചൊവ്വ, ബുധൻ, വ്യാഴം ദിവസങ്ങളിൽ രാവിലെ അഞ്ചു മുതൽ ഏഴു വരെയും വൈകുന്നേരം ആറു മുതൽ ഒൻപതു വരെയും ഓൺലൈൻ മോഡിലും ശനി, ഞായർ ദിവസങ്ങളിൽ രാവിലെ പത്തു മുതൽ നാലു വരെ ഓഫ്ലൈൻ മോഡിലും ക്ലാസ് നടക്കും. യോഗയിലും അനുബന്ധ വിഷയങ്ങളിലും പ്രാഗത്ഭ്യമുള്ള അധ്യാപകരാണ് ക്ലാസെടുക്കുക.

അധ്യാപക, അനധ്യാപക ജീവനക്കാർക്ക് ജോലിയെ ബാധിക്കാതെ കോഴ്സ് ചെയ്യുവാൻ കഴിയും. സർവകലാശാല ബിരുദമാണ് അടിസ്ഥാന യോഗ്യത. ഓഗസ്റ്റ് 24 വൈകുന്നേരം അഞ്ചു വരെ അപേക്ഷ സമർപ്പിക്കാം. വിശദ വിവരങ്ങളും അപേക്ഷാ ഫോറവും https://cyn.mgu.ac.in/ എന്ന ലിങ്കിൽ ലഭിക്കും.

(പി.ആർ.ഒ/39/1017/2023)

## ലീഡ് ഡവലപ്പർ; താത്കാലിക നിയമനം

മഹാത്മാ ഗാന്ധി സർവകലാശാലയിൽ ലീഡ് ഡവലപ്പർ-ഫുൾ സ്റ്റാക്ക് തസ്തികയിലെ അഞ്ച് ഒഴിവുകളിൽ താത്കാലിക കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നു. വിശദാംശങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ(www.mgu.ac.in). ഫോൺ: 0481 2733541

(പി.ആർ.ഒ/39/1018/2023)

## ഡിപ്ലോമ പ്രോഗ്രാം ഇൻ കൗൺസലിംഗ്

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ഡിപ്പാർട്ട് മെൻറ് ഓഫ് ലൈഫ് ലോംഗ് ലേണിംഗ് ആൻഡ് എക്സ്റ്റൻഷൻ നടത്തുന്ന ഡിപ്ലോമ പ്രോഗ്രാം ഇൻ കൗൺസലിംഗിന് അപേക്ഷ ക്ഷണിച്ചു.

ഡിപ്പാർട്ട് മെൻറ് ഓഫ് ലൈഫ് ലോംഗ് ലേണിംഗ് ആൻഡ് എക്സ്റ്റൻഷൻ നടത്തുന്ന സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ കൗൺസിലിംഗ് വിജയിച്ചവർക്ക് അപേക്ഷിക്കാം. കോഴ്സ് ഫീസ് 8300 രൂപ.

അപേക്ഷകർ സർട്ടിഫിക്കറ്റുകളുടെ അസ്സലും പകർപ്പുകളും രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ, കോഴ്സ് ഫീസ് എന്നിവ സഹിതം ഓഗസ്റ്റ് 23ന് ഡിപ്പാർട്ട്മെൻറിൽ എത്തണം.ഫോൺ: 08301000560

(പി.ആർ.ഒ/39/1019/2023)

## പ്രോജക്ട്, വൈവ വോസി

നാലാം സെമസ്റ്റർ എം.എസ്.സി ബയോകെമിസ്ട്രി - ജൂൺ 2023(സി.എസ്.എസ് - 2021 അഡ്മിഷൻ റഗുലർ, 2019,2020 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷയുടെ പ്രോജക്ട്, വൈവ വോസി പരീക്ഷകൾ സെപ്റ്റംബർ ഏഴു മുതൽ അതത് കോളജുകളിൽ നടക്കും. ടൈംടേബിൾ വെബ് സൈറ്റിൽ.

(പി.ആർ.ഒ/39/1020/2023)

## പരീക്ഷാ ഫലം

ഒന്നാം സെമസ്റ്റർ എം.എസ്.സി സ്റ്റാറ്റിസ്റ്റിക്സ്(അപ്ലൈഡ്) - മാർച്ച് 2023(റഗുലർ, സപ്ലിമെൻററി, ഇംപ്രൂവ്മെൻറ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് സെപ്റ്റംബർ മൂന്നു വരെ ഓൺലൈനിൽ അപേക്ഷിക്കാം.

.....................

ഒന്നാം സെമസ്റ്റർ എം.എസ്.സി ബയോസ്റ്റാറ്റിസ്റ്റിക്സ് - മാർച്ച് 2023(റഗുലർ, സപ്ലിമെൻററി, ഇംപ്രൂവ്മെൻറ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് സെപ്റ്റംബർ മൂന്നു വരെ ഓൺലൈനിൽ അപേക്ഷിക്കാം.

......................

കഴിഞ്ഞ മാർച്ചിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എ ഇക്കണോമിക്സ്(2022 അഡ്മിഷൻ റെഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019 മുതൽ 2021 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും സെപ്റ്റംബർ അഞ്ചുവരെ ഓൺലൈനിൽ അപേക്ഷ നൽകാം.

......................

ഒന്നാം സെമസ്റ്റർ എം.എ പൊളിറ്റിക്കൽ സയൻസ്-പി.ജി.സി.എസ്.എസ്-മാർച്ച് 2023(2022 അഡ്മിഷൻ റെഗുലർ, 2020-21 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും സെപ്റ്റംബർ അഞ്ചുവരെ ഓൺലൈനിൽ അപേക്ഷ നൽകാം.

(പി.ആർ.ഒ/39/1021/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**